## ലോക്ക് ഡൗണിലും സേവനങ്ങൾ ഉറപ്പാക്കി കുടുംബശ്രീ കൊല്ലം ജില്ലാമിഷന്റെ നിർഭയ വോളന്റിയർമാർ

ലോക്ക് ഡൗണിലും ജനങ്ങൾക്ക് സേവനങ്ങൾ ഉറപ്പാക്കി മുന്നേറുകയാണ് കുടുംബശ്രീ കൊല്ലം ജില്ലാമിഷന്റെ നിർഭയ വോളന്റിയർമാർ. ലോക്ക് ഡൗണിനു മുൻപ് തന്നെ ജനങ്ങൾക്ക് സേവനങ്ങളുമായി മുൻപന്തിയിൽ ഉണ്ടായിരുന്ന നിർഭയ വോളന്റിയർമാർ ലോക്ക് ഡൗൺ ആയതോടെ കൂടുതൽ സേവനങ്ങൾ നൽകിയാണ് ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്നത്. മരണവീടുകളിൽ ആളുകൾ എത്തുമ്പോൾ പാലിക്കേണ്ട അകലം സംബന്ധിച്ചുള്ള ബോധവത്കരണം, കമ്മ്യൂണിറ്റി കിച്ചണിൽ നിന്നും അഗതികൾ ആയവർക്ക് സൗജന്യമായി ഭക്ഷണം എത്തിച്ചു നൽകൽ, വീടുകളിലേക്കു അവശ്യ സാധനങ്ങൾ വാങ്ങി നൽകൽ, നിർധനരായ രോഗികൾക്കും കിടപ്പു രോഗികൾക്കും മരുന്ന് വാങ്ങി നൽകൽ, ഒറ്റപ്പെട്ടു താമസിക്കുന്നവരെ അത്യാവശ്യത്തിനു ആശുപത്രിയിൽ കൊണ്ട് പോകൽ, സപ്ലൈകോയ്ക്ക് വേണ്ടി പലവ്യഞ്ജനകിറ്റ് പായ്ക്ക് ചെയ്യൽ, അതിഥി തൊഴിലാളികൾ താമസിക്കുന്ന വീടുകളിൽ എത്തി ബോധവത്കരണം നൽകൽ ഉൾപ്പെടെ നിരവധി സേവനങ്ങൾ ആണ് നിർഭയ വോളന്റിയർമാർ ഇപ്പോൾ നൽകുന്നത്.

കേരളാ പോലീസിന്റെ പ്രത്യേക പരിശീലനം ലഭിച്ച ഇവർ പോലീസിന്റെ സ്പെഷ്യൽ ടി ഷർട്ട് അണിഞ്ഞു ആണ് സേവനങ്ങൾ നൽകാനായി രംഗത്തിറങ്ങുന്നത്. ആകെ 156 നിർഭയ വോളന്റിയർമാരാണ് ജില്ലയിൽ ആകെ പ്രവർത്തിക്കുന്നത്. ഏതു സഹായത്തിനു വിളിച്ചാലും അത് ലഭ്യമാക്കാൻ സന്നദ്ധരായാണ് ജില്ലയിലെ നിർഭയ വോളന്റിയർമാർ പ്രവർത്തിക്കുന്നത്. ജനങ്ങളുടെ ഏത് അത്യാവശ്യവും മറ്റു വകുപ്പുകളുടെ സഹകരണം ഉറപ്പാക്കിയും മറ്റും ഇവർ ചെയ്തു നൽകാറുണ്ട്. കേരളാ പോലീസ് 1750 രൂപ ഹോണറേറിയവും നിർഭയ വോളന്റിയർമാർക്ക് നൽകുന്നുണ്ട്. ലോക്ക് ഡൗൺ

മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടാണ് നിർഭയ വോളന്റിയർമാർ ജില്ലയിൽ ജനങ്ങൾക്ക് സേവനങ്ങൾ ഉറപ്പാക്കുന്നത്. പ്രതിസന്ധി കാലഘട്ടത്തിലും ജനങ്ങൾക്കൊപ്പം നിന്നു പ്രവർത്തിക്കുകയാണ് കുടുംബശ്രീ കൊല്ലം ജില്ലാമിഷന്റെ നിർഭയ വോളന്റിയർമാർ.